# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*587 — 28-03-2018-ൽ മറുപടിക്ക്

### കേരളത്തെ ഐ.റ്റി. നിക്ഷേപ സൗഹൃദ കേന്ദ്രമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>,, അനൂപ് ജേക്കബ്<br>,,ഹൈബി ഈഡൻ<br>,, വി.പി.സജീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | രാജ്യത്തെ ആദ്യത്തെ ഐ.റ്റി. പാർക്കും ആദ്യത്തെ ഇലക്ട്രോണിക് സംരംഭവും തുടങ്ങിയത് കേരളത്തിലാണെങ്കിലും സോഫ്റ്റ് വെയർ കയറ്റുമതിയിലും ഇലക്ട്രോണിക് വ്യവസായ രംഗത്തും നാം പിന്നോട്ട് പോകുവാനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | രാജ്യത്തെ ആദ്യത്തെ ഐ.ടി. പാർക്കും ആദ്യത്തെ ഇലക്ട്രോണിക് സംരംഭവും തുടങ്ങിയത് കേരളത്തിലാണെങ്കിലും സോഫ്റ്റ് വെയർ കയറ്റുമതിയിലും ഇലക്ട്രോണിക് വ്യവസായ രംഗത്തും നാം പിന്നോട്ടു പോകുവാനുണ്ടായ കാരണങ്ങളിൽ പ്രധാനമായവ;<br>• വിദേശ കമ്പനികളേയും അവരുടെ പ്രോജക്ടുകളേയും അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഐ.ടി. മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഏറ്റവും ആവശ്യമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും കുറവ്. |

| | | | |
|---|---|---|---|
| | | | • അഭ്യസ്ഥവിദ്യർ, മികച്ച നിലവാരമുള്ള ജല-വൈദ്യുത വിതരണ സംവിധാനം, നെറ്റ്‌വർക്ക് കണക്റ്റിവിറ്റി, പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയുമുള്ള ഭൂമി, സ്ഥലം, ബിസിനസ്സ് ഓഫീസുകൾ, മികച്ച മാലിന്യ സംസ്കരണ സംവിധാനം ഉൾപ്പെടെയുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയുടെ ലഭ്യത കുറവ്.<br>സംസ്ഥാനത്തുടനീളം ഇത്തരം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഒരു സമഗ്ര ഐ.ടി. വികസനം സാധ്യമാകുകയുള്ളു. |
| ബി) | സമർത്ഥരായ ഐ.റ്റി. പ്രൊഫഷണലുകളും നല്ല കാലാവസ്ഥയും ഉണ്ടായിരുന്നിട്ടും ഈ മേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിയാത്തത് ദീർഘവീക്ഷണമില്ലാത്തതിനാലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ മെല്ലെപ്പോക്ക് സമീപനം സ്വീകരിച്ചതിനാലുമാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | ബി) | ചില പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിലും അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | കേരളത്തെ ഐ.റ്റി. നിക്ഷേപസൗഹൃദ കേന്ദ്രമാക്കുന്നതിനും | സി) | • ഐ.ടി/ഐ.ടി.ഇ.എസ് ബിസിനസ്സ് സംരംഭങ്ങൾ ചുരുക്കം ചില വിദേശ രാജ്യ |

| | | | |
|---|---|---|---|
| | ലോകോത്തര സാങ്കേതിക പശ്ചാത്തലം ഒരുക്കുന്നതിനും എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ; | | ങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുക;<br>• നിലവിലുള്ള ബിസിനസ്സ് മാതൃകകൾ പുതിയ മാറ്റങ്ങൾക്ക് അനുസൃതമായി പരിഷ്ക്കരിക്കുകയും കൂടുതൽ വിപുലീകരിക്കുകയും ചെയ്യുക.<br>• കേരളത്തെ പ്രധാനപ്പെട്ട ഐ.ടി കേന്ദ്രമായി മാറ്റുന്നതിനുവേണ്ടി പ്രൈവറ്റ് ഐ.ടി സംരംഭകരെ കൂടുതൽ ആകർഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഗ്ലോബൽ ഡിജിറ്റൽ സമ്മിറ്റുകൾ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുക;<br>• പ്രൈവറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;<br>• ഐ.ടി മേഖലകളിൽ മാത്രം ബിസിനസ്സ് കേന്ദ്രീകരിക്കാതെ നോൺ ഐ.ടി മേഖലകളിലെ വർദ്ധിച്ചു വരുന്ന വ്യവസായ സാധ്യതകൾ കൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്ന ഐ.ടി – നോൺ ഐ.ടി ഇന്റഗ്രേറ്റഡ് ബിസിനസ് മോഡലുകൾ;<br>മേൽ വിവരിച്ച നടപടികളിലൂടെ കേരളത്തെ ഒരു മികച്ച ഐ.ടി നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ കഴിയും. |

| | | | |
|---|---|---|---|
| ഡി) | ഐ.റ്റി. രംഗത്തെ ചെറുകിട സംരംഭങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് അന്താരാഷ്ട്ര വിപണിയുമായി ബന്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് സഹായമാണ് നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | സംസ്ഥാനത്തെ ചെറുകിട ഇടത്തര ഐ.ടി സംരംഭങ്ങളുടെ ഗുണനിലവാരവും അന്താരാഷ്ട്ര വിപണിയിൽ അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുമായി നിരവധി പദ്ധതികൾ സർക്കാരിന്റെ പുതിയ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായവ;<br>ഐ.ടി. മേഖലയിൽ കേരളത്തിനുള്ള പ്രാവീണ്യം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അത്യാധുനിക സാങ്കേതിക വിദ്യകൾ കേരളത്തിലെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനും, വാർഷിക ഐ.ടി. എക്സ്പോകൾ സംഘടിപ്പിക്കുന്നു. കേരളത്തിലെ കമ്പനി കൾക്ക് മറ്റു രാജ്യങ്ങളിൽ നിന്ന് വാണിജ്യ സംഘങ്ങളെ ഇവിടേയ്ക്ക് ക്ഷണിക്കുന്നതിനും സ്മാർട്ട് സങ്കേതങ്ങൾ, ആരോഗ്യം, മൊബിലിറ്റി എന്നീ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം മേളകൾക്ക് കഴിയും. |

**സെക്ഷൻ ഓഫീസർ**